DESPATCHED On 05/06/2020

18/3/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 3257(7)/2014**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **20574**/എസ്.ഐ.സി-ജി 6/14)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.തമ്പാൻ എൻ.,
നിരിച്ചൻ വീട്, കണ്ണപുരം,
പുഞ്ചവയൽ, മൊട്ടമ്മൽ പി.ഒ.,
കണ്ണൂർ, പിൻ – 670 331.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ പോർട്ട് കൺസർവേറ്റർ,
പോർട്ട് ഓഫീസ്, അഴീക്കൽ.

2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഫിഷറീസ് അഡീഷണൽ രജിസ്ട്രാറുടെ കാര്യാലയം,
കണ്ണൂർ.

3. അപ്പീല അധികാരി&
പോർട്ട് ഓഫീസർ, പോർട്ട് ഓഫീസറുടെ കാര്യാലയം,
ബേപ്പൂർ, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.10.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.12.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.12.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.12.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. തമ്പാൻ എൻ., 27.12.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 30.12.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.3257(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും വിവരങ്ങൾ ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 11.10.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മണൽ ഖനനത്തിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച അനുമതിയുടെ പകർപ്പ് നൽകണമെന്നും സംഘം സെക്രട്ടറി, ഓഫീസ് സ്റ്റാഫ്, കടവ് സൂപ്പർവൈസർ, കടവ് വർക്കർമാർ, ഡ്രഡ്ജിംഗ് വർക്കർമാർ എന്നിവരെ ജോലിയിൽ പ്രവേശിച്ചതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നൽകിയ അംഗീകാരത്തിന്റെ പകർപ്പ്, മേൽപ്പടി ഉദ്യോഗസ്ഥരുടെ എല്ലാം പൂർണ്ണമായ മേൽവിലാസവും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും മുൻവർഷങ്ങളിലെ ഓഡിറ്റ് പ്രവർത്തന റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവയാണ്. ആയതിന് 07.11.2014ന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 18.12.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ 11.10.2014ലെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിന്മേൽ ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നുമാണ്.

4. 22.01.2015ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കണ്ണൂർ ഉൾനാടൻ പട്ടികജാതി മത്സ്യ തൊഴിലാളി വികസന സഹകരണ സംഘം അഴീക്കൽ തുറമുഖത്തിൽ നിന്നും മണൽ വാരുന്നതിന് അനുമതി ലഭിക്കാൻ അഴീക്കൽ തുറമുഖ ഓഫീസിൽ സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ ചില വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടി അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിച്ചില്ല എന്ന കാരണത്താൽ സമർപ്പിച്ച അപ്പീലിന് മറുപടി നൽകിയിരുന്നുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ അഴീക്കൽ തുറമുഖ ഓഫീസിലോ ടി ഓഫീസിലോ ലഭ്യമല്ലാത്തതിനാലാണ് അപ്രകാരം മറുപടി നൽകിയതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ലെന്ന മറുപടിയാണ് നൽകിയതെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ല എന്നതിനാലാണ് ടിയാന് രേഖകൾ നൽകാൻ സാധിക്കാതെ വന്നതെന്നാണ്. എന്നാൽ ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കണ്ണൂർ 04.12.2015 ന് നൽകിയ കത്തിൽ ഹർജിക്കാരന്റെ ഹർജിയിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി കണ്ണൂർ ഫിഷറീസ് അസി.രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയതായി കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും ടി ഓഫീസുമായി ഹർജിക്കാരൻ ബന്ധപ്പേടേണ്ടതാണെന്നും അറിയിച്ചിരിക്കുന്നതായി കമ്മീഷൻ കാണുന്നു. ആയത് തെറ്റായ നടപടിയാണെന്നും മേൽപ്പടി ഓഫീസിൽ വിവരങ്ങൾ നിക്ഷിപ്തമാണെങ്കിൽ ടിയാന്റെ അപേക്ഷ ടി ഓഫീസിലേയ്ക്ക് വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും അപേക്ഷ ലഭിച്ച് 5 ദിവസങ്ങൾക്കുള്ളിൽ അയച്ചുകൊടുക്കണമായിരുന്നു. ഇപ്രകാരം പ്രവർത്തിക്കാത്ത കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ എസ്.പി.ഐ.ഒ. ഗുരുതര

മായ കൃത്യവിലോപം നടത്തിയതായി കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ എസ്.പി.ഐ.ഒ., പോർട്ട് ഓഫീസ് അഴീക്കൽ ഹർജിക്കാരന്റെ പ്രഥമ അപേക്ഷ കണ്ണൂർ ഫിഷറീസ് അസി.രജിസ്ട്രാർക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൈമാറി ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM